പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4296 — 24.10.2016 ൽ മറുപടിക്ക്

## ആരോഗ്യമേഖലയിൽ കാസർഗോഡ് ജില്ലയിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ കാസർഗോഡ് ജില്ലയിൽ ജനസംഖ്യാനുപാതികമായി വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾപോലും ഉറപ്പാക്കാൻ സർക്കാരുകൾക്ക് ആവുന്നില്ലെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | ജില്ലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ ചിലയിടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കാസർഗോഡ് പാക്കേജിലെ പദ്ധതികൾ, ആരോഗ്യവകുപ്പിലെ പ്ലാൻ-നോൺ പ്ലാൻ ഫണ്ട്, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ ദേശീയ ആരോഗ്യമിഷൻ എന്നിവയിൽ ഉൾപ്പെടുത്തി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | എങ്കിൽ ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ ഇതിന് പരിഹാരം കണ്ടെത്താനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | | |
| (സി) | സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയെന്ന നിലയിലും എൻഡോസൾഫാൻ ബാധിത ജില്ലയെന്ന നിലയിലും മാറിമാറി വരുന്ന സർക്കാരുകൾ ഇവിടേക്ക് പദ്ധതികൾ പ്രഖ്യാപിക്കുമെങ്കിലും അവ ഉദ്യോഗസ്ഥതലത്തിൽ നടപ്പാക്കി കിട്ടാൻ ഉണ്ടാകുന്ന ബുദ്ധിമുട്ട് തത്വത്തിൽ പദ്ധതി ഇല്ലാതാവുന്ന സ്ഥിതി സ്ഥിരമായി ഉണ്ടാകുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് ഡോക്ടർമാരുടെ ഒഴിവുകൾ കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന ജില്ലകളിലൊന്നാണ് കാസർഗോഡ്. പി.എസ്.സി വഴി ഡോക്ടർമാരെ നിയമന ഉത്തരവ് നൽകാനായി കൗൺസിലിങ്ങ് നടത്തുമ്പോൾ പലപ്പോഴും ഡോക്ടർമാർ ജോലിക്ക് ചേരാൻ കൂടുതൽ വിമുഖത കാണിക്കുന്ന ജില്ലയാണ് കാസർഗോഡ്. ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും കൂടുതലായി നിയമിച്ച് ഈ കുറവുകൾ പരിഹരിക്കാനായി നടപടി എടുത്തുവരുകയാണ്. അതോടൊപ്പം ഒഴിവുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും നിയമനം നടത്തുന്നുണ്ട്. ദേശീയ ആരോഗ്യ മിഷൻ വഴിയും അധിക സ്റ്റാഫിനെ താത്കാലികമായി നിയമിക്കുന്നുണ്ട്. കൂടാതെ അധിക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ